LIBRARY ARCHIVES Kerala Legislative Assembly

(സി) കൃഷി വകുപ്പിന്റെ കീഴിൽ കീടനാശിനിയുടെ ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരത്തെ പാറോട്ടുകോണത്ത് ഒരു സ്റ്റേറ്റ് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറി (SPTL) പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ലാബിൽ സംസ്ഥാനത്തെ വിവിധ കൃഷിഭവനുകളിലെ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ കീടനാശിനി സാമ്പിൾ പരിശോധനയ്ക്കായി അയയ്ക്കുകയും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളായണി കാർഷിക കോളേജിൽ കീടനാശിനിയുടെ അവശിഷ്ടവിഷം പരിശോധിക്കുന്നതിനുള്ള കേന്ദ്രം പ്രവർത്തിക്കുന്നു. പൊതുവിപണിയിൽനിന്നും കർഷകരുടെ തോട്ടങ്ങളിൽ നിന്നും സുഗന്ധവ്യഞ്ജനങ്ങളുടെ സാമ്പിൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്ന പദ്ധതി കൃഷി വകുപ്പിന്റെ ധനസഹായത്തോടെ കാർഷിക കോളേജിൽ നടപ്പാക്കിയിട്ടുണ്ട്.

(ഡി) കീടനാശിനികളുടെ അവശിഷ്ടം പരിശോധിക്കുന്നതിനുള്ള അത്യാധുനിക സൗകര്യങ്ങൾ വെള്ളായണി കാർഷിക കോളേജിലെ ലബോറട്ടറിയിൽ ലഭ്യമാണ്. ഉത്പന്നങ്ങളുടെ പരിശോധനയിൽ കണ്ടെത്തുന്ന വിഷാംശത്തിന്റെ അളവിനെ മാനദണ്ഡമാക്കിയാണ് വിളയിൽ നടത്തിയ കീടനാശിനി പ്രയോഗം നിഷ്കർഷിച്ച രീതി അനുസരിച്ചായിരുന്നോ എന്ന് വിലയിരുത്തുന്നത്. കീടനാശിനി 100 കോടിയിൽ ഒരു അംശം വരെ അളക്കുന്ന ഗ്യാസ് ക്രൊമേറ്റോഗ്രാഫ്, മാസ്സ് സ്പെക്ട്രോമീറ്റർ തുടങ്ങിയ അത്യാധുനിക ഉപകരണങ്ങൾ മുഖേനയാണ് വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ " പരിശോധനകൾ നടത്തുന്നത്.

കാർഷിക പോളിടെക്നിക്കുകൾ

189 (1661) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കാർഷിക പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് ബഡ്ജറ്റ് പ്രഖ്യാപനം നടത്തിയിരുന്നോയെന്നും ഇത് നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്നും അറിയിക്കുമോ;

(ബി) പ്രസ്തുത സംരംഭത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ച തുക, ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത സംരംഭം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പുതിയ കാർഷിക പോളിടെക്നിക്കുകൾ ആരംഭിക്കുന്ന വിഷയം 2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിനാവശ്യമായ DPR തയ്യാറാക്കി സമർപ്പിക്കുവാൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്.

(ബി) പ്രസ്തുത സംരംഭത്തിന് ഭരണാനുമതി നൽകിയതിനുശേഷം ഇതിനാവശ്യമായ തുക അനുവദിക്കുന്നതാണ്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

അങ്കമാലി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിന്റെ പ്രവൃത്തികൾ

190 (1662) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

നെൽകൃഷി

191 (1663) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകരെ സഹായിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?